**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3431** **05-08-2021 - ൽ മറുപടിയ്ക്ക്**

**സീനിയറേജ് ഒഴിവാക്കിയത് കാരണമുള്ള സാമ്പത്തിക നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പാട്ടത്തിന് നൽകിയ തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിക്കുന്നതിനുള്ള സീനിയറേജ് ഒഴിവാക്കിയത് കാരണം സംസ്ഥാന ഖജനാവിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (എ) | വനം വന്യജീവി (ബി) വകുപ്പിന്റെ 27.06.2018 ലെ സ.ഉ (കൈ) നം.24/2018/വനം ഉത്തരവ് പ്രകാരമാണ് റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് തുക ഒഴിവാക്കിയിട്ടുള്ളത്. ടി ഉത്തരവിന്മേൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളായ 4076/2018 & 42622/18 നമ്പർ കേസിൽ 18.02.2019- ൽ ബഹു.കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ അന്തിമവിധിക്ക് വിധേയമായി കോടതി വിധിക്കുന്ന തരത്തിൽ സീനിയറേജ് അടച്ചുകൊള്ളാമെന്ന് രേഖാമൂലമുള്ള ഉറപ്പ് (ബോണ്ട്) സംസ്ഥാന സർക്കാരിന് പാട്ടക്കാർ നൽകി മരങ്ങൾ മുറിക്കാമെന്ന് ഉത്തരവായിരുന്നു. ബഹു. കോടതിയുടെ ഇടക്കാല വിധിയ്ക്ക് വിധേയമായിട്ടാണ് പാട്ടത്തിന് നൽകിയ തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിക്കുന്നതിനുള്ള സീനിയറേജ് ഒഴിവാക്കി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 11.06.2019-ൽ സ.ഉ(സാധാ)നം.213/2019/വനം ഉത്തരവ് ഉണ്ടായിട്ടുള്ളത്. ആകയാൽ മേൽ കേസിൽ ബഹു. ഹൈക്കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായി സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്കുമാത്രമേ നഷ്ടം കണക്കാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ